ടി.കെ ഉബൈദ്

1214

സൂറ - 44

# അദ്ദുഖാൻ

**സൂക്തം 40-50**

▼

കർമപുസ്തകം പരിശോധിച്ച് ഓരോ വ്യക്തിയുടെയും നന്മതിന്മകൾ വേർതിരിച്ച്, നന്മകൾക്ക് രക്ഷയും തിന്മകൾക്ക് ശിക്ഷയും വിധിക്കുന്ന ദിവസമാണ് ഉയിർത്തെഴുന്നേൽപിനു നിശ്ചയിക്കപ്പെട്ട സമയം.

إِنَّ يَوْمَ ٱلْفَصْلِ مِيقَـٰتُهُمْ أَجْمَعِينَ ﴿٤٠﴾ يَوْمَ لَا يُغْنِى مَوْلًى عَن مَّوْلًى شَيْـًٔا وَلَا هُمْ
يُنصَرُونَ ﴿٤١﴾ إِلَّا مَن رَّحِمَ ٱللَّهُ ۚ إِنَّهُۥ هُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿٤٢﴾

*40*
*വിധിദിനമാകുന്നു അവരെല്ലാവരുടെയും ഉയിർത്തെഴുന്നേൽപിന് നിശ്ചയിക്കപ്പെട്ട സമയം.*
*41*
*അന്നാളിൽ ഒരു മിത്രത്തിനും തന്റെ മിത്രത്തിനുവേണ്ടി ഒരു ഗുണവും ചെയ്യാനാവില്ല. ആർക്കും എങ്ങുനിന്നും സഹായം ലഭിക്കുന്നതുമല്ല.*
*42*
*അല്ലാഹു കനിഞ്ഞവർക്കൊഴിച്ച്; അവൻ പരമകാരുണികനായ സർവപ്രതാപി തന്നെയാണല്ലോ.*

| | |
|---|---|
| വിധിദിനം ആകുന്നു | إِنَّ يَوْمَ الْفَصْلِ |
| അവരെല്ലാവരുടെയും (ഉയിർത്തെഴുന്നേൽപിനു) നിശ്ചയിക്കപ്പെട്ട സമയം | مِيقَاتُهُمْ أَجْمَعِينَ |
| അന്നാളിൽ | يَوْمَ |
| ഗുണം, പ്രയോജനം ചെയ്യു(യ്യാനാവു)കയില്ല | لَا يُغْنِي |
| ഒരു മിത്രവും (ത്തിനും തന്റെ) മിത്രത്തിനുവേണ്ടി | مَوْلًى عَن مَّوْلًى |
| ഒരു വസ്തുവും (യാതൊരു) | شَيْئًا |
| അവർ സഹായിക്കപ്പെടുന്നതുമല്ല (ആർക്കും എങ്ങുനിന്നും സഹായം ലഭിക്കുന്നതുമല്ല) | وَلَا هُمْ يُنصَرُونَ |
| അല്ലാഹു കൃപ ചെയ്ത(കനിഞ്ഞ)വർക്കൊഴിച്ച് | إِلَّا مَن رَّحِمَ اللَّهُ |
| തീർച്ചയായും അവൻ | إِنَّهُ |
| പരമകാരുണികനായ സർവ പ്രതാപി തന്നെയാണല്ലോ | هُوَ الْعَزِيزُ الرَّحِيمُ |

ആകാശ ഭൂമികൾ -പ്രപഞ്ചം- സോദ്ദേശ്യമായി കാര്യഗൗരവത്തോടെ -بِالْحَقِّ- സൃഷ്ടിച്ചതാണെന്നു പ്രസ്താവിച്ചുകൊണ്ട് മുൻസൂക്തങ്ങൾ, ഉയിർത്തെഴുന്നേൽപിന്റെയും വിചാരണയുടെയും അനിവാര്യത സൂചിപ്പിച്ചുവല്ലോ. തുടർന്ന് വിചാരണാ നാൾ വർണിക്കുകയാണ്. **يوم القيامة** യുടെ- ഉയിർത്തെഴുന്നേൽപു നാളിന്റെ- മറ്റൊരു പേരാണ് **يوم الفصل**. നന്മതിന്മകളും സത്യവും മിഥ്യയും ശരിയും തെറ്റുമൊക്കെ വിവൃതമാക്കി വേർതിരിക്കലാണ് ഭാഷയിൽ **فصل**. വിധി, തീരുമാനം എന്നു പ്രയോഗാർഥം. **فصل** ലെ **يَوْمَ الْفَصْلِ** ഈ അർഥത്തിലുള്ളതാണ്. 77:12-13-ൽ **لِأَيِّ يَوْمٍ أُجِّلَتْ . لِيَوْمِ الْفَصْلِ** - 'ഏതു നാളിലേക്കാണ് അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്; വിധിത്തീർപ്പിന്റെ നാളിലേക്ക്' എന്നും 78:17-ൽ **إِنَّ يَوْمَ الْفَصْلِ كَانَ مِيقَاتًا** - 'തീർച്ചയായും വിധിദിനം സുനിശ്ചിത സമയമാകുന്നു' എന്നും പ്രസ്താവിച്ചിട്ടുണ്ട്. കാര്യം നടത്താൻ നിശ്ചയിക്കപ്പെട്ട സമയമാണ് **ميقات**. ഉയിർത്തെഴുന്നേൽപിനു നിശ്ചയിക്കപ്പെട്ട സമയമാണ് ഇവിടെ ഉദ്ദേശ്യം. വിഷമിക്കുമ്പോഴും ആപത്തണയുമ്പോഴും പരസ്പരം സഹായിക്കാനും സഹായം ആവശ്യപ്പെടാനും ആശ്രയിക്കാനും അനുസരിക്കാനും ബാധ്യതയുള്ള ഉറ്റവരാണ് مَوْلَى. അതു അനന്തരാവകാശികളാവാം, അനന്തരാവകാശമില്ലാത്ത ബന്ധുക്കളാകാം. ഉറ്റ സുഹൃത്തുക്കളാവാം, ആശ്രിതരാവാം, ആശ്രയിക്കപ്പെടുന്നവരാവാം, നേതാക്കളാവാം.

സൂക്തസാരം: കർമപുസ്തകം പരിശോധിച്ച് ഓരോ വ്യക്തിയുടെയും നന്മതിന്മകൾ വേർതിരിച്ച്, നന്മകൾക്ക് രക്ഷയും തിന്മകൾക്ക് ശിക്ഷയും വിധിക്കുന്ന ദിവസമാണ് ഉയിർത്തെഴുന്നേൽപിനു നിശ്ചയിക്കപ്പെട്ട സമയം. അന്ന് സജ്ജനങ്ങളും ദുർജനങ്ങളും പണ്ഡിതരും പാമരരും ധനികരും ദരിദ്രരും എല്ലാം ഒരുമിച്ച് ഒറ്റയടിക്ക് ഉയിർത്തെഴുന്നേൽക്കണം. അതിനുവേണ്ടി കുറിച്ചുവെച്ച തീയതി ഏതാണെന്ന് അല്ലാഹു സൃഷ്ടികളോട് പറയുന്നില്ല. അത് അല്ലാഹു തന്റെ പക്കൽ സൂക്ഷിക്കുന്ന രഹസ്യമാണ്. അതങ്ങനെ രഹസ്യമാക്കിവെക്കുന്നതിനും അവന്റേതായ ന്യായങ്ങളും ലക്ഷ്യങ്ങളുമുണ്ട്. അത് സംഭവിക്കുക അനിവാര്യമാണെന്ന് ബുദ്ധിയുടെയും യുക്തിയുടെയും വെളിച്ചത്തിൽ മനസ്സിലാക്കാൻ പര്യാപ്തമായ നിലയിൽ നിങ്ങൾക്കു പറഞ്ഞുതരുന്നു. ആ ദിനത്തെ വിജയകരമായി അഭിമുഖീകരിക്കാനുള്ള മാർഗങ്ങൾ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. അവൻ ഉപദേശിച്ചു തരുന്ന മാർഗത്തിലൂടെയല്ലാതെ ആ ദിവസത്തെ തരണം ചെയ്യാൻ സൃഷ്ടികൾക്കു കഴിയില്ല. ഈ ലോകത്ത് പരസ്പരം സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നവർക്കൊന്നും അന്ന് പരസ്പരം ഒരുപകാരവും ചെയ്യാനാവില്ല. പരലോകത്ത് ദൈവത്തോട് ശിപാർശ ചെയ്ത് സഹായിക്കുമെന്ന് കരുതപ്പെടുന്ന ദേവീ ദേവന്മാരും മലക്കുകളും ഔലിയാക്കളുമെല്ലാം അവിടെ നിസ്സഹായരായിരിക്കും. അല്ലാഹുവിന്റെ കാരുണ്യം ലഭിച്ചവർക്കു മാത്രമേ രക്ഷപ്പെടാനാകൂ. ഇതല്ലാതെ മറ്റാരുടെയെങ്കിലും മഹത്വം കൊണ്ടോ പ്രതാപം കൊണ്ടോ കഴിവു കൊണ്ടോ അന്ന് ആരും രക്ഷ പ്രതീക്ഷിക്കേണ്ടതില്ല. ആരെങ്കിലും ആർക്കെങ്കിലും വേണ്ടി ശിപാർശ ചെയ്യുന്നുവെങ്കിൽ അത് അല്ലാഹുവിന്റെ അനുമതി ലഭിച്ചവർ മാത്രവും, അല്ലാഹുവിന്റെ കാരുണ്യത്തിനർഹരായവർക്കുവേണ്ടിയും മാത്രമായിരിക്കും. അജയ്യ പ്രതാപിയായതോടൊപ്പം പരമകാരുണികൻ കൂടിയായ അല്ലാഹുവിങ്കൽനിന്ന് കാരുണ്യം അർഹിക്കുന്നവർക്ക് അതു ലഭിക്കുമെന്നു തീർച്ചയായും പ്രതീക്ഷിക്കാം. ●

**يوم القيامة യുടെ -ഉയിർത്തെഴുന്നേൽപു നാളിന്റെ- മറ്റൊരു പേരാണ് يوم الفصل. നന്മതിന്മകളും സത്യവും മിഥ്യയും ശരിയും തെറ്റുമൊക്കെ വിവൃതമാക്കി വേർതിരിക്കലാണ് ഭാഷയിൽ فصل. വിധി, തീരുമാനം എന്ന് പ്രയോഗാർഥം.**

إِنَّ شَجَرَتَ ٱلزَّقُّومِ ﴿٤٣﴾ طَعَامُ ٱلْأَثِيمِ ﴿٤٤﴾ كَٱلْمُهْلِ يَغْلِى فِى ٱلْبُطُونِ ﴿٤٥﴾
كَغَلْىِ ٱلْحَمِيمِ ﴿٤٦﴾ خُذُوهُ فَٱعْتِلُوهُ إِلَىٰ سَوَآءِ ٱلْجَحِيمِ ﴿٤٧﴾
ثُمَّ صُبُّوا۟ فَوْقَ رَأْسِهِۦ مِنْ عَذَابِ ٱلْحَمِيمِ ﴿٤٨﴾
ذُقْ إِنَّكَ أَنتَ ٱلْعَزِيزُ ٱلْكَرِيمُ ﴿٤٩﴾ إِنَّ هَٰذَا مَا كُنتُم بِهِۦ تَمْتَرُونَ ﴿٥٠﴾

*43*
*സഖൂം വൃക്ഷം.*
*44*
*പാപികള്‍ക്കാഹാരമാകുന്നു.*
*45*
*ഉരുകിയ ലോഹമെന്നോണം അത് ഉദരങ്ങളില്‍ തിളച്ചുമറിയും.*
*46*
*തപിച്ച വെള്ളം തിളക്കുന്നതുപോലെ.*
*47*
*പിടിക്കുവിന്‍ അവനെ, വലിച്ചിഴച്ച് നരക മധ്യത്തിലേക്കെറിയുവിന്‍.*
*48*
*പിന്നെ അവന്റെ തലക്കു മീതെ ചൂടേറിയ പീഡനം ചൊരിയുവിന്‍.*
*49*
*(ഇതു) രുചിക്ക്; നീ മഹാപ്രതാപിയും ബഹുമാന്യനുമാണല്ലോ.*
*50*
*ഇതത്രെ നിങ്ങള്‍ ഇഹലോകത്ത് സംശയിച്ചുകൊണ്ടിരുന്ന സംഗതി.*

**അറേബ്യയിലെ തിഹാമ പ്രദേശത്ത് കാണപ്പെടുന്ന ഒരു കെട്ട മരമാണ് സഖൂം. ഇതിന് അസഹ്യമായ ദുര്‍ഗന്ധമുണ്ടാകും. തടിയില്‍ മുള്ളുണ്ടാകും. കായ് കയ്പുറ്റതായിരിക്കും. തടി മുറിച്ചാല്‍ നീരൊഴുകും. അതു ദേഹത്ത് തട്ടിയാല്‍ ആ ഭാഗത്ത് പഴുപ്പുവരും.**

| | |
|---|---|
| സഖൂം വൃക്ഷം | إِنَّ شَجَرَتَ الزَّقُّومِ |
| പാപി(ക്ക്)കളുടെ ആഹാരമാകുന്നു | طَعَامُ الْأَثِيمِ |
| ഉരുകിയ ലോഹം (എന്നോണം) പോലെ | كَالْمُهْلِ |
| അതു തിളച്ചു മറിയുന്നു | يَغْلِي |
| ഉദരങ്ങളില്‍ | فِي الْبُطُونِ |
| തപിച്ച വെള്ള(ം തിളക്കുന്നതു)ത്തിന്റെ തിളപോലെ | كَغَلْيِ الْحَمِيمِ |
| പിടിക്കുവിന്‍ അവനെ | خُذُوهُ |
| എന്നിട്ട് പരുഷമായി വലിച്ചിഴ(ച്ച്)ക്കുവിന്‍ | فَاعْتِلُوهُ |
| നരക മധ്യത്തിലേക്ക് എറിയുവിന്‍ | إِلَىٰ سَوَاءِ الْجَحِيمِ |
| എന്നിട്ട് ചൊരിയുവിന്‍ | ثُمَّ صُبُّوا |
| അവന്റെ തലക്കു മീതെ | فَوْقَ رَأْسِهِ |
| തിളക്കുന്ന ശിക്ഷയില്‍നിന്ന് (ചൂടേറിയ പീഡനം) | مِنْ عَذَابِ الْحَمِيمِ |
| (ഇതു) നീ രുചിക്ക് | ذُقْ |
| തീര്‍ച്ചയായും നീ | إِنَّكَ أَنتَ |
| (മഹാ) പ്രതാപിയും ബഹുമാന്യനുമാണല്ലോ | الْعَزِيزُ الْكَرِيمُ |
| ഇതത്രെ | إِنَّ هَٰذَا |
| നിങ്ങള്‍ (ഇഹലോകത്ത്) സംശയിച്ചു കൊണ്ടിരുന്നത് (രുന്ന സംഗതി) | مَا كُنتُم بِهِ تَمْتَرُونَ |

വിചാരണക്കു ശേഷം ദുഷ്ടജനമായി വിധിക്കപ്പെടുന്നവർ നേരിടുന്ന ദുർഗതിയാണ് ഈ സൂക്തങ്ങൾ പറയുന്നത്. സഖൂം എന്ന നരകീയ വൃക്ഷം നേരത്തെ 37:62-ൽ പരാമർശിക്കപ്പെട്ടതും ഖുർആൻ ബോധനം ചർച്ച ചെയ്തിട്ടുള്ളതുമാണ്. അറേബ്യയിലെ തിഹാമ പ്രദേശത്ത് കാണപ്പെടുന്ന ഒരു കെട്ട മരമാണിത്. ഇതിന് അസഹ്യമായ ദുർഗന്ധമുണ്ടാകും. തടിയിൽ മുള്ളുണ്ടാകും. കായ് കയ്പുറ്റതായിരിക്കും. തടി മുറിച്ചാൽ നീരൊഴുകും. അതു ദേഹത്ത് തട്ടിയാൽ ആ ഭാഗത്ത് പഴുപ്പുവരും. 17:60-ൽ 'അഭിശപ്ത വൃക്ഷം'-الشَّجَرَةَ الْمَلْعُونَةَ- എന്നു പറയുന്നത് ഈ വൃക്ഷത്തെക്കുറിച്ചാണ്. 56: 52,53-ൽ, നരകാവകാശികൾ സഖൂം വൃക്ഷത്തിൽനിന്നു വയറുനിറക്കുമെന്ന് പറയുന്നുണ്ട്. നരകത്തിലെ ദണ്ഡനോപകരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണിതെന്നു മനസ്സിലാക്കാം. ഉരുകിയ ലോഹത്തിനും പദാർഥങ്ങളുടെ കീടത്തിനും ദുർനീരിനും مهل എന്നു പറയും. പണ്ഡിതന്മാർ ഈ അർഥങ്ങളിലെല്ലാം ഇതിനെ വ്യാഖ്യാനിച്ചിരിക്കുന്നു. ഉരുകിയ ലോഹം എന്ന അർഥമാണ് അധിക മാളുകളും സ്വീകരിച്ചിട്ടുള്ളത്. തപിച്ച വെള്ളം തിളക്കുന്നതുപോലെ അത് വയറ്റിൽ കിടന്നു തിളക്കും എന്ന പ്രസ്താവന ഈ അർഥകൽപനയെ പിന്തുണക്കുന്നുണ്ട്. ഭക്ഷ്യയോഗ്യമല്ലാത്ത, ആരോഗ്യത്തിന് ഹാനികരമായ പദാർഥങ്ങൾ കഴിച്ചാൽ വയറ്റിൽ വലിയ തിളപ്പും അസ്വസ്ഥതയും വേദനയും അനുഭവപ്പെടും. സഖൂം നീര് കഴിക്കുന്നവർക്ക് ഈ അനുഭവമുണ്ടാകുമെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

അവനെ പിടിക്കിൻ എന്നു കൽപിക്കുന്നത് അല്ലാഹുവാണ്. നരകപാലകരായ മലക്കുകളാണ് കൽപിക്കപ്പെടുന്നവർ. നിഷ്ഠുരമായി വലിച്ചിഴക്കുകയാണ് عتل. അതിൽനിന്നുള്ള ബഹുവചന ശാസനക്രിയയാണ് اعْتِلُوا. പരിഹാസോക്തിയാണ് ...... ذق. അതു പറയുന്നത് മലക്കുകളാവാം. അല്ലാഹു നേരിട്ടുമാകാം. آثم ന്റെ അത്യുക്തി രൂപമാണ് أثيم -പെരുത്തു പാപം ചെയ്യുന്നവനും കൊടും പാപങ്ങൾ ചെയ്യുന്നവനും.

സൂക്തസാരം: ഭൗതിക ലോകത്ത് പ്രവാചക സന്ദേശങ്ങളും മരണാനന്തര ജീവിതവും പുഛിച്ചു തള്ളിക്കൊണ്ട് നിരന്തരം മഹാപാതകങ്ങൾ ചെയ്തു വിഹരിച്ചവർക്ക് വിചാരണാനന്തരം നരകത്തിൽ ലഭിക്കുന്നത് അഭിശപ്തമായ സഖൂം വൃക്ഷത്തിന്റെ കയ്പേറിയ കായും ദുർഗന്ധം വമിക്കുന്ന ദുർനീരുമായിരിക്കും. അതവരുടെ വയറ്റിൽ കിടന്ന് ഉരുകിയ ലോഹമെന്നോണം തിളച്ചു മറിയും, ചൂടേറിയ വെള്ളം തിളക്കുന്നതുപോലെ. അവരെ കുറിച്ച് അല്ലാഹു നരകപാലകരോട് കൽപിക്കുന്നു: പിടിക്കുവിൻ അവനെ, എന്നിട്ട് ക്രൂരമായി വലിച്ചിഴച്ച് നരകമധ്യത്തിലേക്കെറിയുവിൻ. എന്നിട്ട് അവന്റെ തലക്കു മീതെ ചൂടേറിയ പീഡനമുറകൾ ചൊരിഞ്ഞുകൊടുക്കുവിൻ. അപ്പോൾ അവനോടു പറയിൻ: ഇനി ഈ നിന്ദ്യമായ ശിക്ഷ നിരന്തരം രുചിച്ചുകൊള്ളുക. ഭൗതിക ലോകത്ത് വേദസൂക്തങ്ങളും ധർമശാസനകളും തള്ളിക്കളഞ്ഞുകൊണ്ട് മഹാപ്രതാപിയും ബഹുമാന്യരുമെന്ന് സ്വയം അഹങ്കരിച്ചു വിഹരിച്ചതിന്റെ ഫലമാണിത്. ഈ ചൂടേറിയ പീഡനം തിളച്ച വെള്ളം തന്നെയായിരിക്കുമെന്ന് 22;19-20 സൂക്തങ്ങൾ പറയുന്നു: يُصَبُّ مِن فَوْقِ رُءُوسِهِمُ الْحَمِيمُ . يُصْهَرُ بِهِ مَا فِي بُطُونِهِمْ وَالْجُلُودُ (അവരുടെ തലക്കു മീതെ ചുട്ടുതിളച്ച വെള്ളമൊഴിക്കുന്നു. അത് അവന്റെ ഉദരങ്ങളിലുള്ളതും ചർമങ്ങളും ഉരുക്കിക്കളയുന്നു). ●

**ഭൗതിക ലോകത്ത് പ്രവാചക സന്ദേശങ്ങളും മരണാനന്തര ജീവിതവും പുഛിച്ചു തള്ളിക്കൊണ്ട് നിരന്തരം മഹാപാതകങ്ങൾ ചെയ്തു വിഹരിച്ചവർക്ക് വിചാരണാനന്തരം നരകത്തിൽ ലഭിക്കുന്നത് അഭിശപ്തമായ സഖൂം വൃക്ഷത്തിന്റെ കയ്പേറിയ കായും ദുർഗന്ധം വമിക്കുന്ന ദുർനീരുമായിരിക്കും.**


# അധ്യാപകരെ ആവശ്യമുണ്ട്

ഇസ്‌ലാമിക വിഷയങ്ങൾ പഠിപ്പിക്കാൻ യോഗ്യരും മുൻ പരിചയവുമുള്ള അധ്യാപകരെ ആവശ്യമുണ്ട്. 10 ദിവസത്തിനകം അപേക്ഷിക്കുക.

Principal
Womens Islamiya College,
Hospital Road Junction, Chavakkad PO, Trissur - 680506
**womensislamiyacollege@yahoo.com**
Phone: **04872500359/9446627556/ 9188824556**